# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *65 — 09.08.2017-ൽ മറുപടിക്ക്

### പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് വേണ്ടിയുള്ള പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതി, ഇവരുടെ വിദ്യാഭ്യാസ വളർച്ചയ്ക്ക് എത്രത്തോളം സഹായകമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | വിലയിരുത്തിയിട്ടുണ്ട്. വിദൂരവും വനത്തിനകത്ത് സ്ഥിതി ചെയ്യുന്നതുമായ കോളനികളിലെ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ പ്രൈമറി വിദ്യാഭ്യാസം ലക്ഷ്യമാക്കി ആവിഷ്കരിച്ചതാണ് പെരിപ്പറ്റെറ്റിക് വിദ്യാഭ്യാസ പദ്ധതി. ടി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് ഈ പദ്ധതി വളരെയധികം സഹായകരമായിട്ടുണ്ട്. സ്കൂളുകൾ അപ്രാപ്യമായ മേഖലകളിൽ താമസിക്കുന്നവർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും തുടർന്ന് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ അഡ്മിഷൻ നൽകി തുടർ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും സാധ്യമാകുന്നു. കോളനികളിൽ തന്നെയുള്ളവരെത്തന്നെ അദ്ധ്യാപകരായി നിയമിക്കുന്നതിനാൽ സ്കൂൾ ഗോത്ര സൗഹൃദമാകുന്നു. അതിനാൽ തന്നെ കുട്ടികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്ന അവസ്ഥ ഇത്തരം സ്കൂളുകളിൽ സംഭവിക്കുന്നില്ല. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളെ വിദ്യാഭ്യാസ പ്രക്രിയയോട് ആഭിമുഖ്യം പുലർത്തുന്നവരാക്കാൻ പെരിപ്പറ്റെറ്റിക് സ്കൂളുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. 2004-05 സാമ്പത്തിക വർഷം മുതൽ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ |

| | | | |
|---|---|---|---|
| | | | 1/05/പജ.പവ.വി.വ തീയതി 05.01.2005 പ്രകാരം പെരിപ്പറ്റെറ്റിക് സെന്ററുകൾ ആരംഭിച്ചു. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സുവരെയാണ് ഈ സെന്ററുകളിൽ പഠനം നടത്തുന്നത്. വയനാട്, മലപ്പുറം എന്നീ ജില്ലകളിലായി 7 പെരിപ്പറ്റെറ്റിക് സെന്ററുകൾ പ്രവർത്തിക്കുന്നു. |
| ബി) | ഇതിനായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്ന രീതി എന്താണെന്നും അവർക്കു നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | ബി) | പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽ തന്നെയുള്ള പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് അദ്ധ്യാപകരായി തെരഞ്ഞെടുക്കുന്നത്. അദ്ധ്യാപന പരിചയം കണക്കിലെടുത്ത് വർഷം തോറും നിലവിലുള്ളവരെത്തന്നെ തുടരാൻ അനുവദിച്ചു വരുന്നു. പ്രതിമാസം 7,000/- രൂപ ഓണറേറിയമായി അദ്ധ്യാപകർക്ക് അനുവദിച്ചു നൽകുന്നു. |

സെക്ഷൻ ഓഫീസർ